**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5243** **21-07-2022 - ൽ മറുപടിയ്ക്ക്**

**സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവനവ്യവസ്ഥകളും) നിയമത്തിൽ, സംസ്ഥാനത്തെ വിവിധ സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ ഏറ്റവും കുറഞ്ഞ വേതനം സംബന്ധിച്ച് വ്യക്തത നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലമുള്ള ചൂഷണങ്ങൾ ഒഴിവാക്കുന്നതിന് പ്രസ്തുത നിയമത്തിലെ ന്യൂനത പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ; | (എ) | 2021 ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക – അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ആക്റ്റിന് അനുബന്ധമായി രൂപപ്പെടുത്തേണ്ട ചട്ടം പ്രാബല്യത്തിൽ വരുമ്പോൾ ഇതിന് പരിഹാരമാകുന്നതാണ്. |
| (ബി) | പ്രസ്തുത നിയമത്തിലെ ചട്ടം 7(2) അനുസരിച്ച് എത്ര സ്വാശ്രയ കോളേജ് മാനേജുമെന്റുകളാണ് അദ്ധ്യാപക –അനദ്ധ്യാപക ലിസ്റ്റ് വിവിധ സർവ്വകലാശാലകളിൽ രജിസ്ട്രേഷനായി നൽകിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇങ്ങനെ രേഖകൾ സമർപ്പിക്കാത്ത എത്ര സ്വാശ്രയ കോളേജ് മാനേജുമെന്റുകൾ ഉണ്ടെന്ന് അറിയിക്കാമോ; രേഖകൾ സമർപ്പിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സർവ്വകലാശാലകൾ സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) നിയമത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ആയതിനുശേഷം സർവ്വകലാശാലകൾ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത നിയമത്തിലെ ചട്ടം 4(4), 4(5) പ്രകാരമുള്ള പ്രോവിഡന്റ് ഫണ്ട് അംഗത്വവും ഇൻഷ്വറൻസ് പരിരക്ഷയും വിവിധ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപകർക്ക് നൽകിട്ടുണ്ടോയെന്ന് സർവ്വകലാശാലകളോ തൊഴിൽ വകുപ്പോ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |
| (ഡി) | സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപന പ്രവൃത്തിപരിചയം സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക | (ഡി) | യു.ജി.സി. കാലാകാലങ്ങളിൽ അധ്യാപകരുടെ യോഗ്യത സംബന്ധിച്ച് പുറപ്പെടുവിക്കുന്ന റഗുലേഷനിലെ വ്യവസ്ഥകളാണ് സർക്കാർ - |

| | | | |
|---|---|---|---|
| | നിയമനങ്ങളിൽ പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; | | എയ്ഡഡ് കോളേജുകളിലെ അധ്യാപക നിയമനങ്ങളിൽ പരിഗണിക്കപ്പെടുന്നത്. |
| (ഇ) | സംസ്ഥാനത്ത് സ്വാശ്രയ കോളേജ് മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ എണ്ണം സർക്കാരിന്റെയോ സർവ്വകലാശാലകളുടെയോ പക്കൽ ഉണ്ടോ എന്നറിയിക്കാമോ? | (ഇ) | എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ